# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1917 08.12.2014-ൽ മറുപടി നൽകേണ്ടത്

### കെ.എസ്.ആർ-ന് വിരുദ്ധമായി ജോയിനിംഗ് ടൈം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.സി.കൃഷ്ണൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) | തലശ്ശേരി സിവിൽ ജുഡീഷ്യൽ ജില്ലയിലെ കോടതിയിൽ (കണ്ണൂർ ജില്ല സിവിൽ ജുഡീഷ്യൽ കോടതി) സ്ഥലം മാറ്റം ചെയ്യപ്പെടുന്ന ജീവനക്കാർക്ക് KSR അനുസരിച്ച് ലഭിക്കേണ്ടുന്ന ജോയിനിംഗ് ടൈം നിഷേധിക്കുകയോ നിജപ്പെടുത്തുകയോ ചെയ്യുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; 2012 മുതലുള്ള സ്ഥലം മാറ്റ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | തലശ്ശേരി സിവിൽ ജുഡീഷ്യൽ ജില്ലയിലെ കോടതികളിൽ സ്ഥലം മാറ്റം ചെയ്യപ്പെടുന്ന ജീവനക്കാർക്ക് കെ.എസ്.ആർ അനുസരിച്ച് ലഭിക്കേണ്ടുന്ന ജോയിനിംഗ് ടൈം നിഷേധിച്ചിട്ടില്ല; എന്നാൽ നിജപ്പെടുത്തിയിട്ടുണ്ട്. 2012 മുതൽ അൻപതിലധികം സ്ഥലം മാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ-ന് വിരുദ്ധമായി ജോയിനിംഗ് ടൈം നിജപ്പെടുത്താനോ നിഷേധിക്കാനോ ഉള്ള നിർദ്ദേശങ്ങൾ നിയമന അധികാരികൾക്ക് നൽകിയിട്ടുണ്ടോ; | (ബി)<br>&<br>(സി) | ഉണ്ട്. കെ.എസ്.ആർ ഭാഗം-I ചട്ടം 127-ന് കീഴിലെ എക്സെപ്ഷൻ-1 പ്രകാരം ചില പ്രത്യേക സാഹചര്യങ്ങളിൽ സ്ഥലം മാറ്റത്തിന് അനുമതി നൽകുന്ന അധികാരിക്ക് ജോയിനിംഗ് ടൈം കുറയ്ക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്. കോടതികളിലെ ജോലി ഭാരം കണക്കിലെടുത്താണ് ഇപ്രകാരമൊരു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഇല്ലെങ്കിൽ ജോയിനിംഗ് ടൈം നിജപ്പെടുത്തി സ്ഥലം മാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചതിന്റെ കാരണം വിശദമാക്കാമോ; | | |
| (ഡി) | സ്ഥലം മാറ്റം ചെയ്യപ്പെടുന്ന ജീവനക്കാരന് കെ.എസ്.ആർ അനുസരിച്ച് ജോയിനിംഗ് ടൈം അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ഡി) | സ്ഥലം മാറ്റം ചെയ്യപ്പെടുന്ന ജീവനക്കാർക്ക് കെ.എസ്.ആർ-ൽ പ്രതിപാദിക്കുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ് ജോയിനിംഗ് ടൈം അനുവദിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ